http://www.howtoexam.com

**Code No. 06**

Total No. of Questions : 40 ] [ Total No. of Printed Pages : 4

**June/July, 2009**

# MALAYALAM

Time : 3 Hours 15 Minutes ] [ Max. Marks : 100

I. ഒന്നോ **രണ്ടോ** വാക്യത്തിൽ ഉത്തരമെഴുതുക : $10 \times 1 = 10$

1. സൗഗന്ധികപ്പുഷ്പം അതിശ്രേഷ്ഠമാണെന്ന് പാഞ്ചാലി സമർത്ഥിയ്ക്കുന്നതെങ്ങനെ ?
2. ചുടലക്കളത്തിലെ തടിയനരയാലിന്റെ പ്രത്യേകതകളെന്തെല്ലാം ?
3. നാസ്തികൃത്തിന്നടിപ്പെട്ടാലുണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാം ?
4. 'മനുഷ്യാത്മാവിൻ സംശുദ്ധിയെയാമഹാനറിയുന്നു' - ആരു്, ആരുടെ സംശുദ്ധിയെയാണ് അറിയുന്നത് ?
5. അംബയ്ക്കു നേരിട്ട കൊടിയ വിഷമാവസ്ഥ എന്തായിരുന്നു ?
6. പത്രരംഗത്തു് 'ജീവിതമേന്മ' (ക്വാളിറ്റി ഓഫ് ലൈഫ്) എന്ന സങ്കല്പനത്തിന്റെ ആവശ്യം എന്ത് ?
7. കോൾമാറിലെ പാക്കിൽ ആൽബർട്ടിനെ ആകർഷിച്ച പ്രതിമയേത് ? ഇതിന്റെ ശില്പിയാര് ?
8. എല്ലാ എച്ച്.ഐ.വി. വാഹകരും എയ്ഡ്സ് രോഗികളല്ല എന്ന് പറയാൻ കാരണമെന്ത് ?
9. കടലാസ് നിവർത്തിനോക്കിയ പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായത് എന്തുകൊണ്ട് ?
10. എം.ടി. ചലച്ചിത്രരംഗത്തേയ്ക്കു കടനുവരാനുണ്ടായ സാഹചര്യം എന്ത്?

II. മൂന്നോ **നാലോ** വാക്യത്തിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും പത്തെണ്ണം ) $10 \times 2 = 20$

11. 'സൗഗന്ധികം തേടി' എന്ന കവിതാഭാഗത്ത് വ്യക്തമാകുന്ന ഭീമന്റെ സ്വഭാവ പ്രത്യേകതകൾ എന്തെല്ലാം ?
12. ചുടലക്കളത്തിൽ പ്രവേശിയ്ക്കുന്ന ഭിക്ഷുവിനെ കവി വിവരിയ്ക്കുന്നതെങ്ങനെ ?
13. ആതിരയെ എതിരേല്ക്കാൻ കവി തയ്യാറാകുന്നതെങ്ങനെ ?
14. 'നന്മതിന്മകൾ നേരായാരറിഞ്ഞിരിയ്ക്കുന്നു' ? പരശുരാമന്റെ ഈ ചിന്തയ്ക്കു കാരണമെന്ത് ?

[ Turn over

Previous year old exam question papers and there answers available for free

http://www.howtoexam.com



15. 'ഇവനെക്കൂടി' എന്ന കവിതയിൽ കവി, വൈലോപ്പിള്ളിയ്ക്കു് വിട നല്കുന്നതെങ്ങനെ ?

16. പരശുരാമനിൽനിന്ന് സഹായം ലഭിയ്ക്കാതിരുന്ന അംബയുടെ അവസാനത്തെ നടപടി എന്തായിരുന്നു ?

17. പത്രരംഗത്ത് ശ്രീ സാമുവലിന്റെ ഫീച്ചർ ശ്രദ്ധേയമാകാൻ കാരണമെന്ത് ?

18. ഒരു നാവികനായിത്തീരണമെന്ന് ആൽബർട്ട് ആഗ്രഹിച്ചതിന്റെ കാരണമെന്ത് ?

19. എയ്ഡ്സ് രോഗം പകരുന്ന ഏതെങ്കിലും മൂന്ന് മാർഗ്ഗങ്ങൾ എഴുതുക.

20. ഭൂർജമരങ്ങൾ മുറിയ്ക്കാനുള്ള ഉദ്യമത്തിൽ നിന്ന് സോഫിയാ ദേവി പിന്മാറിയത് എന്തുകൊണ്ട് ?

21. വിശ്വസാഹിത്യത്തിലെ ക്ലാസ്സിക്കുകളുമായി എം.ടി. പരിചയപ്പെടുന്നതെങ്ങനെ ?

22. ഉണ്ണി, അമ്മയെ വെറുക്കാൻ തുടങ്ങുന്നത് എപ്പോൾ ? എന്തുകൊണ്ട് ?

III. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക : ( ഏതെങ്കിലും നാലെണ്ണം ) : 4 × 3 = 12

23. കാട്ടിടുന്നെന്തോ ശല്യങ്ങൾ കണ്ണുകോലാഹലത്തോടും
കാട്ടെലി വേട്ടയിൽപ്പോലെ മലങ്കാക്കകൾ.

24. അവിടെപ്പുതു നെല്ലും പൂക്കളും മണം വീശു -
മവിടെ, പ്രകൃതിയിന്നുത്സവമൊരുക്കുന്നു.

25. നാളിൻ നീളം കുറഞ്ഞു, കുറച്ചു -
ഞാനും ഞാനായ്ക്കഴിയുവാൻ മോഹം.

26. പറങ്ങോടന്റെ തലയ്ക്കു സുഖമില്ലായ്മയെപ്പറ്റി മുമ്പൊരു സംശയം മാത്രമേ എനിയ്ക്കുണ്ടായിരുന്നുള്ളുവെങ്കിൽ ഇപ്പോൾ അത് ദൃഢപ്പെട്ടു.

27. ഋഷിസമാനനായ നിങ്ങളുടെ ഭർത്താവിന്റെ ഔദാര്യം നിങ്ങൾ മൂലം നിഷ്ഫലമാകുന്നു. നിങ്ങൾക്കിത് ചേർന്നതല്ല.

28. കയ്യിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

IV. നൂറുവാക്കിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും നാലെണ്ണം ) : 4 × 7 = 28

29. മക്കളെ പ്രസവിച്ച്, വളർത്തി, ഒടുവിൽ വേർപിരിയേണ്ടി വരുന്ന ഒരമ്മയുടെ വേവലാതി 'കോഴി' എന്ന കവിതയിൽ എങ്ങനെയെല്ലാം ആവിഷ്ക്കരിച്ചിരിയ്ക്കുന്നു ?

Previous year old exam question papers and there answers available for free

http://www.howtoexam.com



30. ഹിംസയുടെ നിഷ്ഫലത വെളിപ്പെടുത്തുന്നതാണ് 'മഴുവിന്റെ കഥ' - വ്യക്തമാക്കുക.

31. നിരുപദ്രവകരമായ ഒരു കബളിപ്പിയ്ക്കലിന്റെ കഥയായി 'രുദ്രാക്ഷമാഹാത്മ്യ'ത്തെ വിലയിരുത്തുക.

32. 'കാവ് തീണ്ടല്ലേ, കുടിവെള്ളം മുട്ടും' - ഈ പ്രയോഗത്തിന്റെ പൊരുള് വ്യക്തമാക്കുക.

33. 'കടൽത്തീരത്ത്' എന്ന കഥയ്ക്കു ഒരു ആസ്വാദനം എഴുതുക.

34. ബാങ്കോക്ക് ബോട്ടുയാത്രയിലുണ്ടായ അനുഭവങ്ങളെ ലേഖകൻ വിവരിയ്ക്കുന്നതെങ്ങനെയെല്ലാം ?

V. 35. ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒന്നിന് ) $1 \times 3 = 3$

i) ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം.

ii) നായ് നടുക്കടലിൽ ചെന്നാലും നക്കിയേ കുടിയ്ക്കൂ.

36. a) പദം പിരിച്ച് സന്ധി നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) വിവശയായി ii) പൂർണ്ണമായി

iii) വെഞ്ചാമരം iv) പതിവില്ല

v) ഓടിപ്പോയി vi) വിളിച്ചോതി

b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) രാജകല്പന ii) ബന്ധുമിത്രാദികൾ

iii) അന്ധവിശ്വാസം iv) വിദേശശൻ

v) ത്രിവർണ്ണപതാക vi) പത്മപാദം

37. a) വിപരീത പദങ്ങൾ എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) ആരോഗ്യം ii) സാദ്ധ്യം

iii) വീര്യം

b) രണ്ടു് പര്യായപദങ്ങൾ വീതം എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) കാറ്റ് ii) സാഗരം

iii) മുഖം

38. a) വൃത്തം നിർണ്ണയിയ്ക്കുക : ( ഒന്നിന്റെ ) $1 \times 3 = 3$

i) ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാര ഗംഭീര പൂരുഷൻ.

[ Turn over

Previous year old exam question papers and there answers available for free

http://www.howtoexam.com



ii) ഇവനെക്കൂടിസ്സ്വീകരിയ്ക്കുക, യാറാട്ടിന്നു
വരവായിവൻ, നിരാഭരണൻ, നാദാകാരൻ.

b) അലങ്കാരം നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും ഒന്നിന്റെ ) 3

i) ഇളമഞ്ഞ വെയിൽത്തട്ടി നിറം മാറിനീലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻ നിര കണക്കേ.

ii) ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമം, അതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും പാർവ്വണ ശശിബിംബം.

39. a) പദങ്ങൾ പിരിച്ചെഴുതുക : 1

വാവിട്ട് കേണാർ ശോകോന്മത്തരായ് സഹോദരർ
വൈവർണ്ണ്യമുണ്ടായ് മുഖത്തച്ഛനും ക്ഷണനേരം.

b) സ്വന്തം വാക്യത്തിൽ പ്രയോഗിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) കൈ മലർത്തുക
ii) പ്രതിബന്ധം
iii) ധർമ്മസങ്കടം
iv) നേരമ്പോക്ക്
v) നിലവിൽ വരിക
vi) സുപ്രസിദ്ധം

c) 'എ' വിഭാഗത്തിൽ കൊടുത്തിരിയ്ക്കുന്ന പേരുകൾക്കു നേരെ 'ബി' വിഭാഗത്തിലെ കൃതികളുടെ പേരുകൾ യോജിപ്പിച്ചെഴുതുക : 2

| 'എ' | 'ബി' |
|---|---|
| i) ബാലമണിയമ്മ | a) പിംഗള |
| ii) ഉള്ളൂർ | b) ലീല |
| iii) ഇടശ്ശേരി | c) സോപാനം |
| iv) ആശാൻ | d) കാവിലെപ്പാട്ട് |

40. a) നിങ്ങൾ സന്ദർശിച്ച ഒരു പുണ്യസ്ഥലത്ത് വെച്ച് ഉണ്ടായ അനുഭവങ്ങളെ ഉൾക്കൊള്ളിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക. 5

b) പരാവർത്തനം ചെയ്യുക : 5

സ്നേഹത്തിൽ നിന്നുദിയ്ക്കുന്നൂ - ലോകം -
സ്നേഹത്താൽ വൃദ്ധി തേടുന്നു
സ്നേഹംതാൻ ശക്തി ജഗത്തിൽ - സ്വയം -
സ്നേഹം താനാനന്ദമാക്കും.

Previous year old exam question papers and there answers available for free